ഉത്തരം

(എ) ഇല്ല.

(ബി) പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നു.

(സി) 16.8.94-ൽ

(ഡി) ഇല്ല.

(ഇ) പരാതി ലഭിച്ചിട്ടുണ്ട്. അന്തിമ തീരുമാനമെടുത്തിട്ടില്ല.

111 (668) പഞ്ചായത്ത്‌രാജ് ആക്ടിനോടനുബന്ധിച്ചുള്ള ചട്ടങ്ങൾ

ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പഞ്ചായത്ത്‌രാജ് ആക്ടിനോടനുബന്ധിച്ചുള്ള ഏതെല്ലാം ചട്ടങ്ങൾ ഇതുവരെ പ്രസിദ്ധീകരിച്ചിട്ടുണ്ട്;

(ബി) ഇനി ഏതൊക്കെ ചട്ടങ്ങൾ പ്രസിദ്ധീകരിക്കാനുണ്ട്;

(സി) ഇക്കാര്യത്തിൽ കാലവിളംബം വരുന്നതിനുള്ള കാരണം വിശദീകരിക്കുമോ;

(ഡി) ഈ ചട്ടങ്ങൾ ഏന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 47 എണ്ണം. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ആക്ടിലെ ഏത് വ്യവസ്ഥ നടപ്പാക്കാനും ചട്ടങ്ങൾ പുറപ്പെടുവിക്കാമെന്നതിനാൽ ഇനി എത്ര ചട്ടങ്ങൾ പ്രസിദ്ധീകരിക്കേണ്ടിവരുമെന്ന് ഇപ്പോൾ കൃത്യമായി പറയാൻ കഴിയില്ല.

(സി) കേരള പഞ്ചായത്ത്‌രാജ് ആക്ട് തന്നെ 1999-ൽ ഭേദഗതി ചെയ്തിട്ടുള്ളതിനാൽ അതനുസരിച്ച് ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടതുള്ളതുകൊണ്ടും ഒട്ടേറെ ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടതുള്ളതുകൊണ്ടും അവയിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പോലെ ബൃഹത്തായ ചട്ടങ്ങളും ഉൾപ്പെടുന്നതുകൊണ്ടും അല്പം കാലവിളംബം വന്നിട്ടുണ്ട്.

(ഡി) ചട്ടങ്ങൾ ആവശ്യാനുസരണം തയ്യാറായി വരുന്ന മുറയ്ക്ക് കഴിവതും വേഗം പുറപ്പെടുവിക്കുന്നതാണ്.

112 (669) അധികാര വികേന്ദ്രീകരണത്തോടനുബന്ധിച്ച മാറ്റങ്ങൾ

ശ്രീ. വി.സി. കബീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly